**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവള വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി 14.5 ഏക്കർ ഭൂമി പള്ളിക്കൽ, നെടിയിരുപ്പ് എന്നീ വില്ലേജുകളിൽ നിന്നും ഏറ്റെടുക്കുന്നതിന് ഗതാഗത വകുപ്പിന്റെ 11.08.2022 തീയതിയിലെ G.o(Rt) No.337/2022/Trans ഭരണാനുമതിയും റവന്യൂ വകുപ്പിന്റെ 12.08.2022 തീയതിയിലെG.O(Rt) നം 3440/2022/RD ഭരണാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 19.08.2022 തീയതിയിൽ 6(1) വിജ്ഞാപനവും 06.01.2023 തീയതിയിൽ 4(1) വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തയിട്ടുള്ളതുമാണ്. 2013ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് 05.06.2023 തീയതിയിലെ G.O(Rt) നം 129/2023/RD നം ഉത്തരവ് പുറപ്പെടുവിക്കുകയും 08.06.2023 തീയതിയിലെ G.O(P)നം 140/2023/RD പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ച് 03.08.2023 ലെ സ.ഉ(കൈ) നം. 187/2023/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിൽ നിന്നും 7 ഏക്കർ ഭൂമിയും നെടിയിരുപ്പ് വില്ലേജിൽ നിന്ന് 7.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 14.5 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കുള്ള തുക ആരാണ് വഹിക്കുന്നതെന്നും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് കേരള സർക്കാരും റിസ വികസനത്തിന്റെ ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും വഹിയ്ക്കും. റൺവേ വികസിപ്പിക്കുന്നതിനായി ഭൂമി |

| | | | |
|---|---|---|---|
| | | | നിരപ്പാക്കുന്നതിന് ആവശ്യമായ തുകയിൽ 100 കോടി രൂപ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കും.<br><br>ഭൂമി ഏറ്റെടുന്നതിനും പുനരധിവാസ പാക്കേജിനും ബന്ധപ്പെട്ട അനുബന്ധ പ്രവർത്തങ്ങൾക്കുമായി 84.10 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | വ്യോമയാന വകുപ്പോ, എയർപോർട്ട് അതോറിറ്റിയോ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടില്ലെങ്കിൽ റൺവേ എൻഡ് സേഫ്റ്റി ഏരിയ(റിസ)യുടെ നീളം വർദ്ധിപ്പിക്കാൻ റൺവെയുടെ നീളം കുറക്കേണ്ടിവരുമെന്ന് ഇവർ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | 'റെസ' വികസനത്തിനായി 14.5 ഏക്കർ ഭൂമി സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. സമയപരിധിയ്ക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് നല്കിയിട്ടില്ലെങ്കിൽ റൺവെയുടെ നീളം കുറയ്ക്കേണ്ടിവരുമെന്ന് കേന്ദ്രവ്യോമയാന വകുപ്പ് മന്ത്രി കത്തിലൂടെ അറിയിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | വീടും ഭൂമിയും വിട്ട് നൽകുന്നവർക്ക് ലഭിക്കേണ്ട പുനരധിവാസം, നഷ്ടപരിഹാര പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഇ) | ഉണ്ട്, വിശദാംശംങ്ങൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കുന്നതിനുള്ള വിലക്കുകൾ നീക്കുന്നതിനും വിമാനത്താവള വികസനത്തിനും സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എഫ്) | റൺവേ വികസനം സാധ്യമാക്കി വലിയ വിമാനങ്ങൾ ഇറക്കുന്നതിനും വിമാനത്താവള വികസനം സാധ്യമാക്കുന്നതിനുമുള്ള സത്വര നടപടിനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ज्योतिरादित्य मा. सिंधिया
JYOTIRADITYA M. SCINDIA

सत्यमेव जयते

नागर विमानन एवं इस्पात मंत्री
भारत सरकार
Minister of Civil Aviation and Steel
Government of India

THE CHIEF MINISTER KERALA, THIRUVANANTHAPURAM 30 JUN 2023

No. AV-20036/466/2015-AAI-MOCA/ 96252-F

26 June, 2023

Dear Shri Vijayan Sahab,

I am writing to you to express my deep anguish regarding the inordinate delay in the provision of the Runway End Safety Area (RESA) at both the ends of the runway at Calicut airport, despite multiple requests from my Ministry since March, 2022. As you would recall, that the request emanated from recommendation of the committee co-chaired by Secretary (CA) & Air Chief Marshal Homi Major (Retd.) for implementation of recommendations of Airport Accident Investigation Bureau for Calicut Airport set up on 11.09.2021 and which submitted its reports on 23.02.22.

The safety of passengers is being gravely compromised due to the non-provision of RESA, as explicitly recommended by the Aircraft Accident Investigation Bureau (AAIB). Regrettably, despite our continuous efforts to communicate the urgency of this matter, the requisite land has not yet been handed over by the State Government to the Airports Authority of India (AAI).

The State Government in April, 2022 agreed to acquire the additional land required for RESA clearance on both sides of runway, however, subsequently the State Government requested AAI to review the requirement as some significant structures were falling within the land proposed for acquisition for the RESA on Runway-10 side. The request of SG was accommodated by AAI and consequently the revised land requirement of 14.5 acre (07 Acre on Runway-10 side and 7.5 Acre on Runway-28 side) was projected to the State Government.

The State Government assured that the land would be provided free of cost by 01.12.2022. Also, Government of Kerala vide letter dated 01.08.2022 expressed its willingness to undertake the levelling of land on behalf of AAI provided AAI bears the cost of Rs.100-150 crore. However, as a special dispensation, this request of the State Government was also accommodated and AAI agreed to bear the cost of levelling and stabilizing the land for the provision of required RESA.

Since then, the State Government has been requested multiple times through D.O. letter's dated 12.08.2022, 01.09.2022 and 20.09.2022 and 21.09.2022, and other letters dated 26.08.2022 and 31.10.2022, to confirm the transfer of land for the required RESA. It was also conveyed that if there is no positive response from the State Government, we will have no choice but to curtail the runway length. The State Government has also indicated vide its letter dated 19.01.2023 that Notification for acquisition of land has been issued and the required land will be made available by first week of July, 2023.However it has been made to understand that State Government will not be in a position to provide the required land before January 2024.

The Ministry of Civil Aviation has made tireless efforts to expedite the matters. However, the lack of prompt actions from the State Government leaves us with no recourse. Given the fact that provisioning of RESA would take approximately three years after the land is handed over to AAI, for the safety and well-being of all passengers, the Ministry is left with no choice but to proceed with the necessary action of curtailing the runway length for the safe aircraft operation at Calicut airport from 01.08.2023 unless the land is handed over to AAI immediately.

With warm regards,

Yours sincerely,

(Jyotiraditya M. Scindia)

Shri Pinarayi Vijayan,
Hon'ble Chief Minister of Kerala,
141, 3rd Floor, North Block,
Government Secretariat,
Thiruvananthapuram- 695 001


Generated from eOffice by MUHAMED ASLAM A, ASO (E1) TRANS, ASO (E1) TRANS, TRANS on 03/08/2023 12:35 PM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.187/2023/RD തീയതി,തിരുവനന്തപുരം, 03-08-2023

---

പരാമർശം:- 1. 29/12/2017-ലെ സ.ഉ.(കൈ) നമ്പർ 448/2017/റവ.

2. മലപ്പുറം ജില്ലാ കളക്ടറുടെ 30/06/2023-ലെ DCMPM/4727/2022-LA1-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 64 കുടുംബങ്ങളെ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ടെന്ന് പരാമർശം 2 പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. പരാമർശം 1-ലെ സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പോളിസി പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് താഴെ പറയും പ്രകാരം 4,60,000/- രൂപയ്ക്ക് അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| ക്രമ നമ്പർ | അനുവദനീയമായ ഘടകങ്ങൾ (G.O(Ms) No. 448/2017/RD തിയതി 29.12.2017) | തുക |
|---|---|---|
| 1 | ക്രമ നമ്പർ. 1 - Provision of housing units in case of displacement | 3,00,000/- |
| 2 | ക്രമ നമ്പർ. 5 - Subsistence grant for displaced families for a period of one year | 60,000/- |
| 3 | ക്രമ നമ്പർ. 6 Transportation cost for displaced families: | 50,000/- |
| 4 | ക്രമ നമ്പർ. 8 - One time grant to artisan, small traders and certain others: | 50,000/- |
| | ആകെ | 4,60,000/- |

2. ജനപ്രതിനിധികളും മറ്റ് പദ്ധതി ബാധിതരുമായി ജില്ലാ കളക്ടർ നടത്തിയ ഉഭയകക്ഷി ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് 5,40,000/- രൂപ അധിക സഹായമായി നൽകി അതുവഴി കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും ആകെ 10 ലക്ഷം രൂപ വീതം

(4,60,000/- രൂപ + 5,40,000/-രൂപ) പ്രത്യേക പുനരധിവാസ പാക്കേജായി നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, നെടിയിരുപ്പ് എന്നീ വില്ലേജുകളിലെ 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള 4,60,000/- രൂപയ്ക്ക് പുറമെ 5,40,000/- രൂപ അധിക സഹായമായി നൽകി ഒരു കുടുംബത്തിന് ആകെ 10,00,000/- രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) പ്രത്യേക പുനരധിവാസ പാക്കേജ്, ഇത് ഒരു കീഴ്‌വഴക്കമാക്കരുത് എന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഗതാഗത വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (02/08/2023-ലെ മന്ത്രിസഭയോഗ തീരുമാനം ഇനം. നം.1686 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ